(സി) ഈ പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 2011-12 സാമ്പത്തിക വർഷം സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് 7740 കർഷകർക്ക് ഒരു ഗർഭിണി കിടാരി, രണ്ട് ആട്, പത്ത് കോഴി എന്നിവ 50% സബ്സിഡിയിൽ വിതരണം ചെയ്യ ഈ പദ്ധതിയിൽ 40 കോടി രൂപ വിനിയോഗിക്കപ്പെട്ടു. 25000 രൂപയുടെ വീതം ആനുകൂല്യം ഓരോ ഗുണഭോക്താവിനും ലഭിച്ചു. എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കി. ഇതിലൂടെ 308 ലക്ഷം ലിറ്റർ പാലും 136.8 ലക്ഷം മുട്ടയും സംസ്ഥാനത്ത് പ്രതിവർഷം അധികമായി ഉല്പാദിപ്പിക്കപ്പെടാൻ ഉദ്ദേശിച്ചാണ് പദ്ധതി ആവിഷ്കരിച്ചത്. 20 കോടി രൂപ ധനസഹായമായി നൽകിയ ഈ പദ്ധതിയിൽ പത്ത് കോടി രൂപ കേന്ദ്ര ധനസഹായമായും പത്ത് കോടി രൂപ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നുമാണ് വിനിയോഗിച്ചത്.

(സി) മൃഗസംരക്ഷണ മേഖലയിലെ കർഷകരാണ് ഗുണഭോക്താക്കൾ. നിലവിൽ പശുക്കളെ വളർത്തുന്നവർക്കും തീറ്റപ്പുൽ കൃഷി ചെയ്യാൻ തയ്യാറുള്ളവർക്കും പ്രാമുഖ്യം നൽകിയാണ് പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി മൃഗസംരക്ഷണ വകുപ്പ് ബാങ്ക് വായ്പയിലൂടെയാണ് നടപ്പിലാക്കിയത്.

(ഡി) 2011-12 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതമായ പത്ത് കോടി രൂപയും കേന്ദ്ര സർക്കാരിന്റെ ഒറ്റത്തവണ അധിക കേന്ദ്രസഹായമായ പത്ത് കോടി രൂപയും ലഭ്യമാക്കി പദ്ധതി നടപ്പിലാക്കി.

പ്രവാസി നിക്ഷേപം പ്രയോജനപ്പെടുത്താൻ നടപടി

30 (*450) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രവാസി നിക്ഷേപം വഹിക്കുന്ന പങ്കിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രവാസി നിക്ഷേപം സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് ഊർജ്ജം പകരുന്നതിനും സുസ്ഥിര വികസനത്തിനും പരമാവധി ഉപയോഗപ്പെടുത്തുംവിധം പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) വിദേശ മലയാളികളുടെ നിക്ഷേപം സംസ്ഥാന വികസനത്തിനും ഒപ്പം പ്രവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) പ്രവാസി മലയാളികളുടെ ബാങ്ക് നിക്ഷേപം സംബന്ധിച്ച് സംസ്ഥാനതല ബാങ്കേഴ്സ് സമിതി (SLBC)-യുടെ കണക്ക് ലഭ്യമാണ്. 2011-12 സാമ്പത്തിക വർഷം മുതലുള്ള പ്രവാസികളുടെ ബാങ്ക് നിക്ഷേപം താഴെപ്പറയുന്നു :

വർഷം	രൂപ (കോടിയിൽ)
2011-12	48454
2012-13	66190
2013-14	93883
2014-15	109603

(ബി&സി) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശമലയാളികളെ ആകർഷിക്കുന്നതിനായി ഒരു പദ്ധതി - Engaging Diaspora for investment in the State എന്ന പേരിൽ രൂപം നല്കിയിട്ടുണ്ട്. 2015 ജനുവരി 16, 17 തീയതികളിൽ കൊച്ചിയിൽവച്ച് നടന്ന ആഗോള പ്രവാസി മലയാളി സംഗമത്തിൽ കേരളത്തിൽ നിലവിലുള്ള നിക്ഷേപ സാദ്ധ്യതകൾ സംബന്ധിച്ച് പ്രവാസി മലയാളികളെ പരിചയപ്പെടുത്തുന്നതിനായി ഒരു പ്രത്യേക സെഷൻ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സംഗമത്തിൽ സംസ്ഥാനം പ്രവാസി നിക്ഷേപത്തിനായി മൂന്ന് പദ്ധതികൾ അവതരിപ്പിച്ചിരുന്നു. സ്റ്റാർട്ടപ് വില്ലേജ് വികസനം, കൊച്ചി മെട്രോ റെയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഠൗൺഷിപ്പുകൾ, കണ്ണൂർ രാജ്യാന്തര വിമാനത്താവളം എന്നിവയാണവ. നിക്ഷേപ താല്പര്യമുള്ള പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപ സാഹചര്യങ്ങൾ പരിചയപ്പെടുത്തുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (NORKA Business Facilitation Centre) എന്ന ഒരു പദ്ധതി നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക-റൂട്ട്സ് മുഖേന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ പ്രവാസി നിക്ഷേപം ലക്ഷ്യമിട്ട് 'ഇൻകെൽ' (INKEL), ചേരമൻ ഫിനാൻഷ്യൽ സർവ്വീസസ് എന്നീ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഇൻകെല്ലും പലിശരഹിത വായ്പ നൽകുന്നതിന് ചേരമൻ ഫിനാൻഷ്യൽ സർവ്വീസസും നടപടി സ്വീകരിക്കുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഐ.എ.വൈ. പദ്ധതി പ്രകാരം വായ്പ

1 (4036) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.എ.വൈ. പദ്ധതി പ്രകാരം വായ്പ ലഭിച്ചവർക്ക് തുടർന്ന് മറ്റ് പദ്ധതികൾക്കായി വീടുവയ്ക്കുന്നതിന് ധനസഹായം പഞ്ചായത്തുവഴി കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ വിശദീകരണം നൽകാമോ ;

(ബി) മുൻകാലങ്ങളിൽ പഞ്ചായത്തിൽനിന്നും ധനസഹായം വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടയ്ക്കുന്നതിന് പ്രത്യേക അക്കൗണ്ട് ഹെഡ്ഡോ, മാർഗ്ഗനിർദ്ദേശമോ നൽകിയിട്ടുണ്ടോ ; ഇങ്ങനെ തുക അടയ്ക്കേണ്ടിവരുന്നെങ്കിൽ ആർക്കാണ് അടയ്ക്കേണ്ടത് എന്നറിയിക്കാമോ ; ഇത്തരം ധനസഹായം ലഭിച്ച പാവങ്ങൾക്ക് പുനർ ധനസഹായം നൽകുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകാമോ ?

ഉത്തരം

(എ) ഐ.എ.വൈ.-യുടെ മാർഗ്ഗനിർദ്ദേശപ്രകാരം ഒരു തവണ ഭവന നിർമ്മാണ ധനസഹായം ലഭിച്ചാൽ അടുത്ത 12 വർഷത്തേക്ക് ഈ പദ്ധതിയിൽ ഭവന നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly